കാളിപ്പാറ പദ്ധതി

130 (727) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കോവളം-പാറശ്ശാല-നെയ്യാറ്റിൻകര മണ്ഡലങ്ങളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കാളിപ്പാറ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പദ്ധതി എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും സർക്കാർ എത്ര തുക അനുവദിച്ചുവെന്നും അറിയിക്കുമോ ;

ഉത്തരം

(എ). പദ്ധതിയുടെ പൊതുഘടകങ്ങളായ റോവാട്ടർ ഗ്രാവിറ്റി മെയിൻ 36 എം.എൽ.ഡി. ജല ശുദ്ധീകരണശാല, നെയ്യാർ ഡാം പരിസരത്തുള്ള ഇൻടേക്ക് സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോവാട്ടർ പമ്പിംഗ് മെയിനിന്റെ വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. റോ വാട്ടർ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചു. റോവാട്ടർ സമ്പ്, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തി പുനർ ദർഘാസ് ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ 72 കോടി രൂപ അടങ്കൽ തുകയുള്ള ട്രാൻസ്മിഷൻ മെയിൻ പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപരിതല സംഭരണികൾക്കാവശ്യമായ സ്ഥലം ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്.

(ബി) 2013 മാർച്ചോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 136.40 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം 47.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചേർത്തല പ്രോജക്ട്

131 (728) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ചേർത്തല പ്രോജക്ട് എന്നേക്ക് കമ്മീഷൻ ചെയ്യാനാവും ;

(സി) ഈ പദ്ധതി മന:പൂർവ്വം വൈകിക്കുന്നതിന് ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) തുടർ പ്രവർത്തനം യഥാസമയം നടത്താതെ പദ്ധതി വൈകിക്കുന്ന ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതി 2011 ഫെബ്രുവരി 15-ന് ഭാഗീകമായി കമ്മീഷൻ ചെയ്യണമെന്ന് ഏറ്റവും ഒടുവിൽ കൂടിയ മന്ത്രിതല യോഗതീരുമാനം നടപ്പാക്കാനാവുമോ ;

(എഫ്) ചേർത്തല പ്രോജക്ടിന്റെ നടത്തിപ്പിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹാരം കാണുന്നതിന് ക്രമീകരണം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ജൈക്ക (ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിലെ അഞ്ച് ശുദ്ധ ജലവിതരണ പദ്ധതികളുടെ പ്രവർത്തന പുരോഗതി താഴെ പറയുന്നു.

പദ്ധതി	പുരോഗതി (30-11-2010 വരെ)
തിരുവനന്തപുരം	83.55 %
മീനാട്	87.7 %
ചേർത്തല	82.28 %
കോഴിക്കോട്	62.57 %
പട്ടുവം	72.21 %

ഇവയിൽ തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധ ജലവിതരണ പദ്ധതി 18-5-2010-ൽ ഭാഗീകമായി കമ്മീഷൻ ചെയ്ത് 37 mld ജലം വിതരണം ചെയ്തുവരുന്നു.

(ബി) 2011 ഏപ്രിൽ മാസത്തോടെ കമ്മീഷൻ ചെയ്യാനാകും എന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) ഇത്തരത്തിൽ ഒരാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഫെബ്രുവരി അവസാനത്തോടെ ഭാഗീകമായി കമ്മീഷനിംഗ് നടപ്പിലാക്കാൻ തീവ്രശ്രമം നടന്നുവരുന്നു.

(എഫ്) ഏർപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

132 (729) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കവണക്കല്ല് ആർ.സി.ബി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൊടിയത്തൂർ, കാരശ്ശേരി, മുക്കം, ഓമശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമർപ്പിച്ച പ്രോജക്ടിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly